**പതിമൂന്നാം കേരള നിയമസഭ**
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4893 — 21.10.2011 -ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവൽക്കരണ മാസാചരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ് | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് ; | (എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതിപ്രകാരം വനേതര പ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാനായി 60 ലക്ഷം വൃക്ഷതൈകൾ ഉൽപ്പാദിപ്പിക്കുന്നതിനും, അവ സ്ക്കൂൾ, കോളേജ്, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തുകൾ, മത സ്ഥാപനങ്ങൾ, സമൂഹ്യ സംഘടനകൾ എന്നിവർ വഴി വിതരണം ചെയ്യുന്നതിനും, ലഭ്യമായ മറ്റ് പൊതുസ്ഥലങ്ങളിൽ, ഡിപ്പാർട്ട്മെന്റ് നേരിട്ട് തൈകൾ വച്ചു പിടിപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇത് കൂടാതെ ലഭ്യമാകുന്ന പാതയോരങ്ങളിൽ അനുയോജ്യമായ തൈവച്ചു പിടിപ്പിക്കുന്നതിനും കണ്ണൂർ റീജിയണിന്റെയും, വേമ്പനാട് റീജിയണിന്റെയും,കണ്ടൽക്കാട് സംരക്ഷണ പദ്ധതിയും, കുട്ടനാട് പാക്കേജ്, സുവർണ്ണോദ്യാനം എന്നിവയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) അതിനായി ഏതെല്ലാം ഇനം മരങ്ങളാണ് വച്ച് പിടിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) ആഞ്ഞിലി, വേപ്പ്, അശോകം, ബദാം, കണിക്കൊന്ന, കൂവളം, കുടംപുളി, കുമ്പിൾ, മഹാഗണി, പ്ലാവ്, മാവ്, തേക്ക്, വേങ്ങ, മഴമരം, കണിക്കൊന്ന, പുളി, നെല്ലി, |

സപ്പോട്ട, ഞാവൽ, പതിമുഖം, താന്നി, മാതളം, പേര മുതലായ ഇനം തൈകൾ വച്ചു പിടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

| | |
|---|---|
| (സി) എല്ലാ വർഷവും സാമൂഹ്യവന വൽക്കരണ മാസം ആച രിക്കാൻ നടപടി സ്വീകരി യ്ക്കുമോ? | (സി) സാമൂഹ്യ വനവൽക്കരണ പരിപാടിയിൻ കീഴിൽ തൈനടീൽ നടത്തുന്ന, മാസങ്ങളിൽ പൊതുജനങ്ങൾക്കും, കുട്ടികൾക്കും ബോധവൽക്കരണവും തൈനടീൽ പ്രോത്സാഹനവും കൊടുക്കുവാനായി വകുപ്പ് പരിസ്ഥിതി ദിനാചരണവും വന മഹോത്സവവും നടത്തുന്നനാണ്. എന്നാൽ പ്രത്യേകമായ സാമൂഹ്യവനവൽക്കരണ മാസം ആച രിക്കാനുള്ള നിർദ്ദേശം ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ